LIBRARY ARCHIVES Kerala Legislative Assembly

തെങ്ങുകയറ്റത്തൊഴിലാളികൾ

58 (5463) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തെങ്ങ് കയറ്റത്തൊഴിലാളികളുടെ വിവിധ ആവശ്യങ്ങൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഗവൺമെന്റിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(ബി) ക്ഷേമനിധി ഉൾപ്പെടെയുള്ള ഈ ആവശ്യങ്ങൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എല്ലാ മരംകയറ്റ തൊഴിലാളികൾക്കും 1991-ലെ കേരള കൈത്തൊഴിലാളി-വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമാകാവുന്നതാണ്. ബോർഡിൽ അംഗത്വം ലഭിക്കാൻ മരംകയറ്റ തൊഴിലാളികൾക്ക് അവകാശമുണ്ട്. അംഗത്വത്തിനു അപേക്ഷിക്കുന്നവർക്ക് അംഗത്വം നൽകുന്നതാണ്.

എച്ച്.എം.ടി. തൊഴിലാളികളുടെ സമരം

59 (5464) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനമായ കളമശ്ശേരി എച്ച്.എം.ടി.-യിലെ തൊഴിലാളികളുടേയും ഓഫീസർമാരുടേയും സംഘടനകൾ നൂറിലധികം ദിവസങ്ങളായി സമരത്തിലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സമരം ഒത്തുതീർപ്പാക്കാൻ സർക്കാരിന്റെ ഭാഗത്ത് നിന്നും എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. കളമശ്ശേരിയിൽ പ്രവർത്തിക്കുന്ന എച്ച്.എം.ടി. ഒരു കേന്ദ്ര പൊതുമേഖലാ സ്ഥാപനമായതിനാൽ ഈ വിഷയത്തിൽ കേന്ദ്ര സർക്കാരാണ് നടപടി സ്വീകരിക്കേണ്ടത്. അതേസമയം ഈ പ്രശ്നം എത്രയും പെട്ടെന്ന് പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര വ്യവസായ വകുപ്പിനും തൊഴിൽ വകുപ്പിനും സർക്കാർ നിവേദനം നൽകിയിട്ടുണ്ട്.